10
വ്യാഴം
2018 മെയ്
1193 മേടം 27

മക്തബ്

www.makthabdaily.com

VIJAYANAGAR COLLEGE OF NURSING
Affiliated by Rajeev Gandhi University of health science Bangalore
Ph: 080 68886880, 09241 342404 E-mail: vijayanagarnursinginstitute@gmail.com
M.Sc. Nursing
B.Sc Nursing
Post. B.Sc. Nursing
General Nursing
No.1 Nursing College in BANGALORE
• 100% വിദ്യാഭ്യാസ വായ്പാ സൗകര്യം
• പഠനശേഷം 100% ജോലി ഉറപ്പ്
• IELTS പരിശീലനം
• റാഗിംഗ് വിമുക്ത സുരക്ഷിത ക്യാമ്പസ്
• മലയാളി മാനേജ്മെന്റ്
Admission Started
Ph: 9747 819 366 , 7907 286 371

കാഞ്ഞങ്ങാട് യുവാവിനെ തലക്കടിച്ച് കൊന്ന ആൾ പിടിയിൽ

കാഞ്ഞങ്ങാട്: പട്ടാപ്പകൽ ബസ്സ്റ്റാന്റിനുള്ളിൽ യുവാവിനെ തലക്കടിച്ച് കൊന്ന കേസിലെ പ്രതിയെ പോലീസ് പിടികൂടി. മൈസൂർ വിജയനഗർ സ്വദേശിയും കണ്ണൂർ ചിറക്കലിൽ താമസക്കാരനുമായ ആഷിഷ് വില്ല്യം സത്യവ്രതൻ (35)നെ കൊലപ്പെടുത്തിയ കേസിൽ നീലേശ്വരം പുതുക്കൈ ചാളക്കടവിലെ ദിനേശ് (48)ആണ് പിടിയിലായത്. ഇന്നലെ വൈകുന്നേരം 4.30 ഓടെ അലാമിപ്പള്ളി പുതിയ ബസ്സ്റ്റാന്റിനുള്ളിലാണ് സത്യവ്രതനെ കൊല്ലപ്പെട്ടനിലയിൽ കണ്ടത്. സമീപത്തെ ബാറിൽ നിന്ന് മദ്യപിച്ച സത്യവ്രതനും ദിനേശനും തമ്മിൽ തുടങ്ങിയ വാക്കുതർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്.

നേരത്തെ ഗൾഫിൽ ജോലി ചെയ്തിരുന്ന സത്യവ്രതൻ കൃഷി പണിക്കായാണ് അട്ടയങ്ങാനത്ത് എത്തിയതാത്രെ. അവിടെ നിന്ന് മദ്യപിക്കാൻ ബാറിൽ എത്തിയപ്പോഴാണ് വാക്ക് തർക്കം നടന്നത്.

ബൈക്കും കാറും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു

മഞ്ചേശ്വരം: റിസോർട്ട് ദേശീയപാതയിൽ ബൈക്കും കാറും കൂട്ടിയിടിച്ച് യുവാവ് മരിച്ചു. രണ്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു. ബൈക്ക് യാത്രക്കാരനായ മുറത്തണയിലെ ഐത്തപ്പ എന്ന വസന്തം (24)ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ബൈക്ക് യാത്രക്കാരായ ബന്ദിയോടെ അശോക (25), ഹൊസംങ്കടിയിലെ ബിക്കിയാട്ട് (22) എന്നിവരെ മംഗലാപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി 9.30 നായിരുന്നു അപകടം. മരിച്ച ഐത്തപ്പ പരേതനായ ആനന്ദ -യമുന ദമ്പതികളുടെ മകനാണ്.

നരിമടയിലെ അനധികൃത ചെങ്കൽ ഖനനം തടഞ്ഞു

ആലക്കോട്: മിച്ചഭൂമി കയ്യേറി അനധികൃതമായി പ്രവർത്തിച്ചുവന്ന ചെങ്കൽ ഖനനം അധികൃതരും നാട്ടുകാരും ചേർന്ന് തടഞ്ഞു. ചപ്പാരപ്പടവ് പഞ്ചായത്ത് പടപ്പേങ്ങാട് വാർഡിലെ നരിമടക്ക് സമീപമാണ് പരിസ്ഥിതിക്ക് ഗുരുതര പ്രതിസന്ധിയുയർത്തുന്ന വിധത്തിൽ കഴിഞ്ഞ ദിവസം മുതൽ ചില സ്വകാര്യ വ്യക്തികളുടെ നേതൃത്വത്തിൽ ചെങ്കൽ ഖനനം ആരംഭിച്ചിരുന്നത്. പഞ്ചായത്ത്, വില്ലേജ് അധികൃതർ അറിയാതെയാണ് ഖനനം തുടങ്ങിയത്. അനധികൃത ഖനനം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് മെമ്പർ എ.എൻ. വിനോദിന്റെ നേതൃത്വത്തിൽ നാട്ടുകാർ ഇതിനെതിരെ രംഗത്തുവന്നിരുന്നു. തുടർന്നാണ് പഞ്ചായത്ത്, വില്ലേജ് അധികൃതർ ഇടപെട്ട് ഖനനം തടഞ്ഞത്. അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശമായ നരിമടയുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിധത്തിലാണ് ചെങ്കൽ ഖനനം നടക്കുന്നതെന്നാണ് നാട്ടുകാരുടെ പരാതി.

എസ്.വൈ.എസ് കലക്ട്രേറ്റ് മാർച്ച് നടത്തി

കണ്ണൂർ: ലഹരി വഴികളെ തിരിച്ചറിയുക, നമ്മുടെ മക്കളെ രക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി എസ്.വൈ.എസ്. കലക്ട്രേറ്റ് മാർച്ച് നടത്തി. കേരള മുസ്ലിംജമാഅത്ത് ജില്ലാ സെക്രട്ടറി എം.കെ.ഹാമിദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അബ്ദുള്ളക്കുട്ടി ബാഖവി അധ്യക്ഷത വഹിച്ചു. എൻ. അബ്ദുൾലത്തീഫ് സഅദി, അബ്ദുൾ റഷീദ് നരിക്കോട് സംസാരിച്ചു. കെ. ഇബ്രാഹിം, എൻ. സക്കരിയ, കെ. മുഹ്യുദീൻ സഖാഫി, അബ്ദുറസാഖ് മാവിച്ചേരി, അബ്ദുൾസമദ് അമാനി പട്ടുവം നേതൃത്വം നൽകി.

പൊതുസ്ഥലത്ത് സൂക്ഷിച്ച വാഷ് പിടികൂടി

തളിപ്പറമ്പ: തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം ആലക്കോട് താറ്റിയാട് ഭാഗത്ത് നടത്തിയ പരിശോധനയിൽ പൊതുസ്ഥലത്ത് ഉടമസ്ഥനില്ലാത്ത നിലയിൽ സൂക്ഷിച്ചുവെച്ച 105 ലിറ്റർ വാഷ് കണ്ടെടുത്തു. പ്രിവന്റീവ് ഓഫീസർമാരായ കെ.പി. മധുസൂദനൻ, എ. അസീസ്, സിവിൽ എക്സൈസ് ഓഫീസർമാരായ വി.വി. ഷിജു, എം.ഗോവിന്ദൻ, ഡ്രൈവർ കെ.വി. പുരുഷോത്തമൻ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

എസ്.എഫ്.ഐ ജില്ലാ സമ്മേളനത്തിന് പയ്യന്നൂരിൽ തുടക്കം

പയ്യന്നൂർ: എസ്.എഫ്.ഐ കണ്ണൂർ ജില്ലാ സമ്മേളനം പയ്യന്നൂർ അയോദ്ധ്യാ ഓഡിറ്റോറിയത്തിൽ കെ.വി. സുധീഷ് നഗറിൽ തുടങ്ങി. ജില്ലാ പ്രസിഡണ്ട് പി.എം. അഖിൽ പതാക ഉയർത്തി. സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എം. വിജിൻ, പ്രസിഡണ്ട് ജെയ്ക്ക് സി. തോമസ്, കേന്ദ്ര കമ്മിറ്റിയംഗം നിദീഷ് നാരായണൻ, ലിന്റോ ജോസഫ്, എസ്.ആർ. ആര്യ, മുഹമ്മദ് അഫ്സൽ, റോസൻരാജ് സംസാരിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി സി.പി. ഷിജു രക്തസാക്ഷി പ്രമേയവും സംസ്ഥാന കമ്മിറ്റിയംഗം ടി.വി.എം. ഷീമ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ഇന്ന് വൈകീട്ട് അഞ്ചിന് ഷേണായി സ്കയറിൽ സാംസ്കാരിക സമ്മേളനം നടക്കും. ഡോ. പി.ജെ. വിൻസെന്റ് മുഖ്യപ്രഭാഷണവും നടത്തും. സമ്മേളനം നാളെ സമാപിക്കും.

വെള്ളിക്കീലിൽ മൂന്നാംതവണയും ലീഗ് കൊടിമരവും പതാകയും നശിപ്പിച്ചു

വെള്ളിക്കീൽ: വെള്ളിക്കീൽ കടവിലുള്ള മുസ്ലിംലീഗിന്റെ പതാകയും കൊടിമരവും സാമൂഹ്യദ്രോഹികൾ ഇരുട്ടിന്റെ മറവിൽ നശിപ്പിച്ചതായി പരാതി. കൊടിമരം പിഴുത് താഴെ ഇട്ടനിലയിലാണ്. പതാക കയറോടെ ഊരിക്കൊണ്ടുപോകുകയും ചെയ്തു. ഇത് മൂന്നാം തവണയാണ് കൊടിമരവും പതാകയും നശിപ്പിക്കുന്നത്. രാത്രി ബൈക്കുകളിലെത്തി നശിപ്പിച്ച ശേഷം സ്ഥലം വിടുകയാണ് പതിവ്. അക്രമികൾക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളണമെന്ന് മുസ്ലിംലീഗ് പഞ്ചായത്ത് ഭാരവാഹികളായ ഹാമിദ് മാസ്റ്റർ, പി.പി.മുഹമ്മദ്കുഞ്ഞി, പി.പി. സുബൈർ, ഹനീഫ ആവശ്യപ്പെട്ടു.

അബാക്കസ് ട്രെയിനിംഗ്
കുട്ടികളുടെ ഇടത് വലത് മസ്തിഷ്കങ്ങളെ പരിപോഷിപ്പിച്ച് ഓർമ്മശക്തി, ശ്രദ്ധ, വേഗത, ക്രിയാത്മകത എന്നിവ പതിന്മടങ്ങ് വർദ്ധിപ്പിച്ച് പഠനത്തിൽ ഒന്നാമനാക്കുന്നു
100% GUARANTEE
മെയ് 13ന് തുടങ്ങുന്ന പുതിയ ബാച്ചിലേക്ക് അഡ്മിഷൻ തുടരുന്നു
HANDWRITING IMPROVEMENT COURSE & CALLIGRAPHY
മഹാത്മ കമ്പ്യൂട്ടേർസ്
മഹാത്മ കോംപ്ലക്സിൽ അവസാനത്തെ നിലയിൽ മാത്രം
ഹൈവേ, തളിപ്പറമ്പ
Ph: 0460 2201428, 9037275726

തോക്ക് ചൂണ്ടി പെട്രോൾ പമ്പ് ഉടമയിൽ നിന്ന് ഒരു ലക്ഷം കവർന്നു

കോഴിക്കോട്: മുഖംമൂടി ധരിച്ചെത്തിയ യുവാവ് തോക്ക് ചൂണ്ടി പെട്രോൾപമ്പ് ഉടമയായ യുവതിയുടെ പണം കവർന്നു. കോഴിക്കോട് ചാത്തമംഗലം കട്ടാങ്ങലിലെ എ.ഇ.കെ. ഫ്യൂവൽസ് ഉടമയുടെ 1,08,000 രൂപയാണ് കവർന്നത്. രാത്രി 9.30 ഓടെയാണ് സംഭവം നടന്നത്.

പ്രദേശത്ത് ഇന്നലെ കനത്ത മഴയായിരുന്നു. അതിനാൽ പെട്രോൾപമ്പ് നേരത്തെ അടച്ച് നടത്തിപ്പുകാരി അനീഷ ഒരു ജോലിക്കാരനൊപ്പം പുറത്തിറങ്ങിയതായിരുന്നു. വീട്ടിലേക്ക് പോകാൻ ഒരുങ്ങുന്നതിനിടയിൽ മുഖംമൂടി ധരിച്ചെത്തിയ യുവാവ് അനീഷക്ക് നേരെ തോക്ക് ചൂണ്ടി പണം ആവശ്യപ്പെട്ടു. തൊട്ടടുത്ത് പണം അടങ്ങിയ ബാഗും പിടിച്ച് ജീവനക്കാരൻ നിൽക്കുന്നുണ്ടായിരുന്നു. ജീവനക്കാരന്റെ കൈവശമാണ് പണമെന്ന് വ്യക്തമായതോടെ അക്രമി അയാളുടെ നെറ്റിയിൽ തോക്ക് ചേർത്തുപിടിച്ചു. ഇതോടെ ഭയന്നുപോയ ജീവനക്കാരൻ പണമടങ്ങിയ ബാഗ് അക്രമിക്ക് നൽകുകയായിരുന്നു. ഈ ബാഗുമായി അക്രമി ഓടിരക്ഷപ്പെടുകയും ചെയ്തു. അനീഷ ബഹളം വച്ചെങ്കിലും കനത്ത മഴയായതിനാൽ പ്രദേശവാസികളുടെ ശ്രദ്ധയിൽപ്പെട്ടില്ല.

സ്ഥാപനത്തിൽ സി.സി.ടി.വി ഉണ്ടെങ്കിലും അത് വളരെ പഴയതാണ്. അതിനാൽ ദൃശ്യങ്ങൾ വ്യക്തമല്ല. ചാത്തമംഗലം പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

പ്ലസ്ടു പരീക്ഷാഫലം പ്രഖ്യാപിച്ചു; കണ്ണൂർ മുന്നിൽ

തിരുവനന്തപുരം: പ്ലസ്ടു പരീക്ഷയിൽ ഏറ്റവും കൂടുതൽ വിജയ ശതമാനം കണ്ണൂരിൽ. ഇന്ന് വിദ്യാഭ്യാസമന്ത്രി സി.രവീന്ദ്രനാഥാണ് ഫലം പ്രഖ്യാപിച്ചത്. 86.75 ശതമാനമാണ് കണ്ണൂരിന്റെ വിജയം. ഏറ്റവും കുറവ് പത്തനംതിട്ടയിൽ-77.16 ശതമാനം. 14,375 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി. 180 കുട്ടികൾ മുഴുവൻ മാർക്കും നേടി. 70 സ്കൂളുകളിൽ പരീക്ഷ എഴുതിയ എല്ലാവരും വിജയിച്ചു. മലപ്പുറത്താണ് ഏറ്റവും കൂടുതൽ എ പ്ലസുകൾ ലഭിച്ചത്. കുറവ് പത്തനംതിട്ടയിലും. പ്ലസ്വൺ പരീക്ഷാഫലം മെയ് അവസാനവാരത്തോടെ പ്രഖ്യാപിക്കും.

ലഹരി വഴികളെ തിരിച്ചറിയുക, നമ്മുടെ മക്കളെ രക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി എസ്.വൈ.എസ്. കലക്ട്രേറ്റിലേക്ക് നടത്തിയ മാർച്ച്

സ്റ്റേറ്റ് ബാങ്ക് ജീവനക്കാർക്ക് കർഷകരോട് പുച്ഛം; കാർഷിക സബ്സിഡി നൽകാൻ മടി

തളിപ്പറമ്പ: കാർഷിക സബ്സിഡി എങ്ങിനെ കർഷകർക്ക് നൽകാതിരിക്കാമെന്ന ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഏതാനും ജീവനക്കാർ. നടുവിലെ ഒരു കർഷകനെ സബ്സിഡി നൽകാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തളിപ്പറമ്പ് ശാഖ വലച്ചു.

2017 സപ്തംബർ നാലിന് സ്വർണ്ണാഭരണങ്ങൾ പണയംവെച്ച് ബാങ്കിൽ നിന്ന് മൂന്ന് ലക്ഷം രൂപ വായ്പയെടുത്തു. ഏഴ് ശതമാനമാണ് പലിശ. എന്നാൽ ഒരുവർഷത്തിനകം വായ്പ തിരിച്ചടക്കുമ്പോൾ കേന്ദ്രസർക്കാർ അനുവദിച്ച മൂന്ന് ശതമാനം സബ്സിഡി നൽകണം. കർഷകൻ ജനുവരി 16ന് വായ്പ തിരിച്ചടച്ചു. എന്നാൽ സബ്സിഡി നൽകാൻ കഴിയില്ലെന്ന നിലപാടിലായിരുന്നു കൗണ്ടറിൽ ഉണ്ടായിരുന്ന ജീവനക്കാർ. ആറ് മാസം കൊണ്ട് വിളവ് ലഭിക്കുന്ന ഒരു കാർഷിക ഉൽപ്പന്നവും ഇല്ലെന്നും അതിനാൽ വായ്പയെടുത്ത് ആറ് മാസത്തിനകം തിരിച്ചടച്ചതിനാൽ കാർഷിക വൃത്തിക്കല്ല വായ്പ ഉപയോഗിച്ചതെന്നും പറഞ്ഞായിരുന്നു സബ്സിഡി നിഷേധിച്ചത്. എന്നാൽ അങ്ങനെയൊരു നിയമം ഇല്ലെന്ന് കർഷകൻ ചൂണ്ടിക്കാണിച്ചെങ്കിലും അംഗീകരിക്കാൻ തയ്യാറാകാതെ ഏഴ് ശതമാനം പലിശ തന്നെ ഈടാക്കി. കർഷകൻ എസ്.ബി.ഐയുടെ മറ്റ് ചില ശാഖകളിലെ മാനേജറുമായി ബന്ധപ്പെട്ടപ്പോൾ സബ്സിഡി നിഷേധിക്കാൻ കാരണമില്ലെന്ന് വ്യക്തമായി. ഇതേ തുടർന്ന് എസ്.ബി.ഐയുടെ ജനറൽ മാനേജർക്ക് പരാതി നൽകി. പരാതി സ്വീകരിച്ച ജനറൽ മാനേജർ സബ്സിഡി അനുവദിക്കാൻ എസ്.ബി.ഐ ശാഖക്ക് നിർദേശം നൽകി. ഇതിന് പിറകെ കർഷകന്റെ അക്കൗണ്ടിൽ സബ്സിഡി തുകയായ 6336 രൂപ വരവ് വെച്ചതായി അറിയിച്ചും ബുദ്ധിമുട്ടിച്ചതിൽ മാപ്പ് ചോദിച്ചും എസ്.ബി.ഐ തളിപ്പറമ്പ് ശാഖ ചീഫ് മാനേജർ കത്ത് നൽകി.

കർഷകൻ പരാതി നൽകാൻ തയ്യാറായതുകൊണ്ടാണ് സബ്സിഡി തുക ലഭിച്ചത്. എന്നാൽ ഇതൊന്നും അറിയാത്ത നിരവധി പേർക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ആനുകൂല്യം നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് അറിയുന്നത്.

എസ്.എഫ്.ഐ ജില്ലാ സമ്മേളനത്തിന് മുന്നോടിയായി ജില്ലാ പ്രസിഡണ്ട് പി.എം. അഖിൽ പതാക ഉയർത്തുന്നു.

ചെങ്ങന്നൂർ: മതനേതാക്കളുടെ കാലുപിടിക്കാൻ തുടങ്ങി

യാക്കോബായസഭ ആസ്ഥാനത്ത് കോടിയേരിയെത്തി

നിരണം: ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ യാക്കോബായ സഭ ആസ്ഥാനത്തെത്തി. നിരണത്തെ സഭാ ആസ്ഥാനത്ത് എത്തിയ അദ്ദേഹം ഭദ്രസനാധിപൻ ഗീവർഗീസ് മാർ കൂറിലോസുമായി കൂടിക്കാഴ്ച നടത്തി. ഇന്നലെ രാത്രിയായിരുന്നു കൂടിക്കാഴ്ച. അരമണിക്കൂറോളം ചർച്ച നടത്തി.

സഭാ തർക്കവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിവിധി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം സർക്കാരിൽ സമ്മർദം ചെലുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ യാക്കോബായ വിഭാഗത്തിന്റെ അസന്തുഷ്ടി പരിഹരിക്കാനാണ് കൂടിക്കാഴ്ചയെന്ന് കരുതുന്നു. ക്രൈസ്തവർക്ക് നിർണ്ണായക സ്വാധീനമുള്ള മണ്ഡലമാണ് ചെങ്ങന്നൂർ. ക്രൈസ്തവരിൽ യാക്കോബായ വിഭാഗക്കാർ ഏറെയാണ്. ഇവരുടെ വോട്ട് ലക്ഷ്യമിട്ടാണ് കോടിയേരിയുടെ സന്ദർശനമെന്നാണ് രാഷ്ട്രീയ കേന്ദ്രങ്ങൾ കരുതുന്നത്. തിരഞ്ഞെടുപ്പ് കാലത്ത് രാഷ്ട്രീയ നേതാക്കൾ മതനേതാക്കളെ സന്ദർശിക്കുന്നത് പതിവ് കാഴ്ചയാണ്.

കാമുകൻ അയച്ച കത്തിൽ ഭീതി പ്രകടമാക്കി

അമ്മയെ കൊലപ്പെടുത്തുംമുമ്പ് പിടിക്കപ്പെടുമെന്ന ഭീതി സൗമ്യയെ പിടികൂടിയിരുന്നു

തലശേരി: മകളെയും മാതാപിതാക്കളെയും കൊലപ്പെടുത്തിയ കേസിൽ പിടിയിലായ പിണറായി പടന്നക്കര വണ്ണത്താൻ വീട്ടിൽ സൗമ്യ (28)ക്ക് അമ്മയെ കൊലപ്പെടുത്തും മുമ്പ് പിടിയിലാകുമെന്ന ഭീതിയുണ്ടായിരുന്നു. പ്രദേശവാസിയായ കാമുകന് അയച്ച ഫോൺ സന്ദേശത്തിലാണ് സൗമ്യ ഇക്കാര്യം വ്യക്തമാക്കിയിരുന്നത്. പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുത്ത സൗമ്യയെ തലശേരി സി.ഐ കെ.ഇ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ ചോദ്യം ചെയ്തപ്പോഴാണ് ഇക്കാര്യം തെളിഞ്ഞത്.

കഴിഞ്ഞ ഡിസംബർ ഏഴിനായിരുന്നു മൂത്ത മകൾ ഐശ്വര്യ (എട്ട്)ക്ക് സൗമ്യ വിഷം നൽകിയത്. അഞ്ചാംതീയതി കാമുകന് അയച്ച സന്ദേശത്തിൽ അച്ഛനും അമ്മയും മകളും നഷ്ടപ്പെടുമെന്ന ഭയമുണ്ട്. എന്നാൽ നിന്റെ കൂടെ ജീവിക്കണമെന്ന ആഗ്രഹവുമുണ്ട്. അതിനിടയിൽ മറ്റെന്തെങ്കിലും സംഭവിച്ചുപോകുമോയെന്ന ഭീതിയും ഉണ്ടെന്ന് സന്ദേശത്തിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ കാമുകൻ കൊലപാതകത്തിന് യാതൊരു സഹായവും നൽകിയിട്ടില്ലെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

സൗമ്യക്ക് അഞ്ച് മൊബൈൽ ഫോണുകൾ ഉണ്ടായിരുന്നു. ഈ മൊബൈൽ ഫോണിലെ വിശദാംശങ്ങൾ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായി. അതിലൂടെ മറ്റാർക്കും കൊലപാതകവുമായി യാതൊരുബന്ധവുമില്ലെന്ന നിലപാടിലാണ് അന്വേഷണ സംഘം എത്തിയത്. കസ്റ്റഡി കാലാവധി പൂർത്തിയായതിനെ തുടർന്ന് സൗമ്യയെ ഇന്ന് കോടതിയിൽ തിരിച്ച് ഹാജരാക്കും.

പോലീസ് അസോസിയേഷനിൽ രാഷ്ട്രീയ അതിപ്രസരമെന്ന് ഇന്റലിജൻസ് റിപ്പോർട്ട്

തിരുവനന്തപുരം: പോലീസ് അസോസിയേഷനിലെ രാഷ്ട്രീയ അതിപ്രസരം തടയാൻ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന ഇന്റലിജൻസ് മേധാവി ഡി.ജി.പി ലോക്നാഥ് ബെഹ്റയ്ക്ക് റിപ്പോർട്ട് നൽകി. ചട്ടവിരുദ്ധമായാണ് പോലീസ് അസോസിയേഷനിൽ പലതരം പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പത്തനംതിട്ട, എറണാകുളം റൂറൽ, കോഴിക്കോട് ജില്ലാ സമ്മേളനങ്ങളിൽ രക്തസാക്ഷി മണ്ഡപം പണിയുകയും മുദ്രാവാക്യം വിളികളോടെ അനുസ്മരണം സംഘടിപ്പിക്കുകയും ചെയ്തത് ചട്ടവിരുദ്ധമാണെന്നും ഇത് പോലീസ് സേനയുടെ വിശ്വാസ്യതയിൽ ഇടിവുണ്ടാക്കിയെന്നും ഇന്റലിജൻസിന്റെ റിപ്പോർട്ടിൽ എടുത്തുപറഞ്ഞു. അസോസിയേഷന്റെ ലോഗോയിൽ മാറ്റം വരുത്തിയതും ചട്ടങ്ങളുടെ ലംഘനമാണ്. ഇങ്ങനെ മാറ്റം വരുത്താൻ സംഘടനക്ക് അവകാശമില്ല. ചുവന്ന ഷർട്ട് ധരിച്ച് സമ്മേളനത്തിലെത്തി അത് വാട്സ് ആപ്പിൽ പ്രചരിപ്പിച്ചതിനെ കുറിച്ചും റിപ്പോർട്ടിൽ പരാമർശമുണ്ട്. ചില ജില്ലാ സമ്മേളനങ്ങളിൽ മുൻ മുഖ്യമന്ത്രിമാരെ പേരെടുത്ത് പറഞ്ഞ് അധിക്ഷേപിച്ചതും ഗൗരവത്തിലെടുക്കണമെന്ന് ഇന്റലിജൻസ് മേധാവി ആവശ്യപ്പെട്ടു. പോലീസ് സേനയിലെ രാഷ്ട്രീയ അതിപ്രസരം നിയന്ത്രിക്കപ്പെടുന്നില്ലെങ്കിൽ അത് ഭാവിയിൽ വലിയ പ്രത്യാഘാതമുണ്ടാക്കുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പഠിച്ച ശേഷം നടപടി സ്വീകരിക്കുമെന്ന് ഡി.ജി.പി വ്യക്തമാക്കി.

ആന്തൂരിലെ ഹോട്ടലുകളിൽ റെയ്ഡ്; പഴകിയ ഭക്ഷ്യവസ്തുക്കളും പ്ലാസ്റ്റിക്കും പിടികൂടി

ധർമ്മശാല: ആന്തൂർ നഗരസഭ ആരോഗ്യവകുപ്പ് അധികൃതർ ധർമ്മശാല, പറശിനിക്കടവ് മേഖലയിലെ ഹോട്ടലുകളിൽ നടത്തിയ റെയ്ഡിൽ പഴകിയതും ഉപയോഗശൂന്യവുമായ ഭക്ഷ്യവസ്തുക്കളും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പിടിച്ചെടുത്തു.

പറശിനിക്കടവ് ക്ഷേത്രത്തിന് സമീപത്തെ വെൽവ്യൂ റസ്റ്റോറന്റ്, ബസ്സ്റ്റാന്റിന് സമീപത്തെ ചിത്രാ ഹോട്ടൽ, പൊളാരിസ് ബാർ അച്ചാറ്റ്ഡ് ഹോട്ടൽ, വിസ്മയ പാർക്കിലെ റസ്റ്റോറന്റ്, ധർമ്മശാലയിലെ ദിനേശ് ഹോട്ടൽ എന്നിവിടങ്ങളിലാണ് ഇന്ന് പുലർച്ചെ പരിശോധന നടത്തിയത്.

ആഴ്ചകൾ പഴക്കമുള്ള നെയ്ച്ചോർ, ചിക്കൻ ഫ്രൈ, പഴകിയ സാമ്പാർ, ചോറ് മുതലായവയാണ് പിടിച്ചെടുത്തത്. ഹെൽത്ത് ഇൻസ്പെക്ടർ പി. അരുൾ, ജെ.എച്ച്.ഐമാരായ പി.പി. അജീർ, കെ. രാജേഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്.

ഹോട്ടലുകളിൽ നിന്ന് പിടിച്ചെടുത്ത പഴകിയ ഭക്ഷ്യവസ്തുക്കൾ

സി.പി.എമ്മുകാരന്റെ കൊല: ബൈക്കുകളുടെ നമ്പർ തിരിച്ചറിയാനുള്ള ശ്രമം ദുഷ്കരം

തലശേരി: സി.പി.എം പ്രവർത്തകൻ മാഹി കണ്ണിപ്പൊയിൽ ബാബുവിന്റെ കൊലയാളികൾ സഞ്ചരിച്ച ബൈക്കുകളുടെ നമ്പർ കണ്ടെത്താനുള്ള പോലീസിന്റെ ശ്രമം വിജയം കണ്ടില്ല. കൊലപാതകം നടന്ന സ്ഥലത്ത് നിരീക്ഷണ ക്യാമറയില്ല. 400 മീറ്റർ അകലെയുള്ള നിരീക്ഷണ ക്യാമറയിൽ ചില ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ട്. കൊലയാളികൾ സഞ്ചരിച്ചത് ബൈക്കുകളിലാണെന്ന് സാക്ഷിമൊഴിയുണ്ട്. ചില ബൈക്കുകൾ ഈസമയം ഇതുവഴി കടന്നുപോയ ദൃശ്യം സി.സി.ടി.വി ക്യാമറകളിലുണ്ട്. എന്നാൽ കൊല നടക്കുന്ന സമയം പ്രദേശത്ത് മഴ പെയ്തിരുന്നു. അതിനാൽ ബൈക്കുകളുടെ നമ്പർ സി.സി.ടി.വി ക്യാമറയിൽ വ്യക്തമല്ല. ബൈക്കിൽ സഞ്ചരിച്ചവരുടെ ദൃശ്യങ്ങൾക്കും വ്യക്തതയില്ല. കൂടുതൽ ശാസ്ത്രീയ പരിശോധനയിലൂടെ ഇവക്ക് വ്യക്തത കൈവരുത്താനാണ് തലശേരി സി.ഐ കെ.ഇ. പ്രേമചന്ദ്രന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ശ്രമം നടത്തുന്നത്.